



## ഗവ : എച്ച് എസ് എസ് ചവറ

# മയിൽപ്പീലി

ജില്ല : കൊല്ലം
ഉപജില്ല: ചവറ
പ്രധാന അദ്ധ്യാപിക :
ശ്രീമതി അനിത റ്റി കെ

*LITTLE KITEs UNIT*
*GHSS CHAVARA*

# ആശംസകൾ



**വിവരങ്ങൾ ശേഖരിക്കുകയും പങ്കിടുകയും ചെയ്യുന്നതിൽ ഡിജിറ്റൽ മീഡിയ ഒരു പ്രധാന പങ്ക് വഹിക്കുന്നു. വിശാലമായ ഒരു പുതിയ ലോകം തുറക്കുന്നതിനായി ഒരു മികച്ച മാധ്യമമാണ് ഡിജിറ്റൽ പ്രസിദ്ധീകരണങ്ങൾ.2023-24 അദ്ധ്യായന വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങ ളുടെ പ്രവർത്തനത്തിന്റെ ഭാഗമായി മയിൽപീലി എന്ന പേരിൽ തയ്യാറാക്കിയ ഈ മാഗസിനു എല്ലാ വിധ ആശംസകളും നേരുന്നു.**

**ഹെഡ് മിസ്ട്രസ്സ്**
**അനിത. റ്റി. കെ**

# ആശംസകൾ



പ്രിയപ്പെട്ടവരെ.... ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ആശയം മുൻനിർത്തിയാണ് ഇന്നത്തെ പഠനരീതി മുന്നോട്ട് പോകുന്നത്. സ്കൂൾ അന്തരീക്ഷമായാലും ഇപ്പോഴത്തെ ഡിജിറ്റൽ പഠന രീതിയായാലും ആനിലവാരം നിലനിർത്തുനതിനായി സ്കൂളിൽ ഐ ടി വിദ്യാഭ്യാസം ഉറപ്പാക്കുന്നു. ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന "മയിൽപീലി "എന്ന ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കു മുൻപിൽ അവതരിപ്പിക്കുവാൻ പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കും ഈ മാഗസിനും എന്റെ ആശംസകൾ നേരുന്നു

**സീനിയർ അസിസ്റ്റന്റ്**
**സുഖിത ബി .കെ.**

# എഡിറ്റോറിയൽ ബോർഡ്



# എന്റെ വിദ്യാലയം




















കൊല്ലം നഗരത്തിൽചവറ സബ്ജില്ലയിൽ സ്ഥിതി ചെയ്യുന്ന വളരെ പ്രസിദ്ധമായ ഒരു സർക്കാർ വിദ്യാലയമാണ് ജി.ബി.എച്ച്.എസ്.എസ്. ചവറ. ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന ഈ സ്കൂൾ സംസ്കൃതം സ്കൂളായി ആരംഭിച്ച് പിന്നീട് ഇംഗ്ലീഷ് മീഡിയം സ്കൂളായി.



ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ശ്രീ ശങ്കരൻ തമ്പി മുൻകൈയ്യെടുത്ത് സ്ഥാപിച്ച ചവറ ഗവ     : ഹൈസ്ക്കൂൾ കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കുകളിലെ ജനങ്ങളുടെ വിദ്യാഭാസത്തിനുളള ഏക ഹൈസ്കൂളായിരുന്നു . ആ കാലഘട്ടത്തിലെ പ്രഗത്ഭമതികളായ അധ്യാപകരുടെ സേവനത്താൽ ഈവിദ്യാലയം പ്രശസ്തിയുടെ പടവുകൾ ഓരോന്നായി പിന്നിട്ടു . കൃഷ്ണൻ നമ്പ്യാർ , മഠത്തിൽ ശങ്കുപ്പിള്ള , കേന്ദ്ര വിദ്യാഭാസ അവാർഡ് നേടിയ ത്രിവിക്രമ വാര്യർ , എം . പി . രാമൻ നായർ, ഭാർഗ്ഗവി അമ്മ എന്നിവർ അവരിൽ ചിലർ മാത്രം .ഈ സരസ്വതി ക്ഷേത്രത്തിൽ നിന്നും വിദ്യ നേടി സാഹിത്യ സാസ്കാരിക രംഗങ്ങളിൽ പ്രശസ്തി നേടിയവർ ധാരാളം . പത്മശ്രീ ശൂരനാട് കുഞ്ഞൻ പിളള ,  , ശ്രീ എസ് . സുബ്രഹ്മണ്യൻ പോറ്റി ,  , ടി.എൻ. ഗോപിനാഥൻ നായർ, പുളിമാന പരമേശ്വരൻ പിളള, ബേബി ജോൺ, സാംബശിവൻ എന്നിവർ ഇതിൽ ഉൾപ്പെടുന്നു രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി , പണ്ഡിത് ജവഹർലാൽ നെഹ്റു എന്നിവരുടെ പാദസ്പർശം ഏൽക്കാനും ഈ വിദ്യാലയത്തിനു ഭാഗ്യം സിദ്ധിച്ചിട്ടുണ്ട് . അപ്പർ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ ഏകദേശം രണ്ടായത്തിലധികം കുട്ടികൾ പഠിക്കുന്ന വിദ്യാലയം പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മാതൃകാപരമായ മുന്നേറ്റം കാത്തുസൂക്ഷിക്കുന്നു . അഞ്ച് തലമുറകൾക്ക് അക്ഷരവെളിച്ചം പകർന്നു നൽകി ഇന്നും ചവറ ഗവ     : ഹയർസെക്കണ്ടറിസ്കൂൾ ഒരു പ്രകാശഗോപുരമായി ജ്വലിച്ചു നിൽക്കുന്നു .



# പാഠ്യേതര പ്രവർത്തനങ്ങൾ

സയൻസ് ക്ലബ്ബ്
ഐ.ടി ക്ലബ്ബ്
ഫിലിം ക്ലബ്ബ്
വിദ്യാരംഗം സാഹിത്യ ക്ലബ്
മാത്സ് ക്ലബ്ബ്
സോഷ്യൽ ക്ലബ്ബ്
എൻ.സി.സി
എസ്.പി.സി
ലിറ്റിൽ കൈറ്റ്സ്
ജെ.ആർ.സി
എസ്.എസ്.എസ്
ശാസ്ത്ര രംഗം

## പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികൾ

ജ്ഞാനപീഠ ജേതാവ്:
പ്രൊ.ഒ.എൻ.വി.കുറുപ്പ്
ശൂരനാട്
കുഞ്ഞൻപിള്ള :എഴുത്തുകാരൻ
വി.സാംബശിവൻ – പ്രശസ്ത
കഥാപ്രാസംഗികൻ
കമ്പളത്ത്ശങ്കുപിള്ള
സി.എൻ.ശ്രീകണ്ഠൻനായർ

## ഒ.എൻ.വി. കുറുപ്പ്



പ്രശസ്തകവിയായിരുന്ന ഒ. എൻ. വി.കുറുപ്പിന്റെ ജനനം: 27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016).ഒ.എൻ.വി.എന്ന ചുരുക്കപേരിലുമറിയപ്പെടുന്നു.ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ്എന്നാണു പൂർണ്ണനാമം. ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ.എൻ. കൃഷ്ണകുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടിയമ്മയുടേയും പുത്രനായിജനിച്ച അദ്ദേഹം, മാതാപിതാക്കളുടെ മൂന്നുമക്കളിൽ ഇളയമകനായിരുന്നു. അദ്ദേഹത്തിന് എട്ടുവയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പരമേശ്വരനെന്നായിരുന്നു ആദ്യത്തെ പേര്. അപ്പു ഓമനപ്പേരും. സ്കൂളിൽച്ചേർത്തപ്പോൾ മുത്തച്ഛനായ തേവാടി വേലുക്കുറുപ്പിന്റെ പേരാണു നൽകിയത്. അപ്പു, സ്കൂളിൽ ഒ.എൻ. വേലുക്കുറുപ്പും സഹൃദയർക്ക പ്രിയങ്കരനായ ഒ.എൻ.വി.യുമായി. പ്രാഥമികവിദ്യാഭ്യാസം കൊല്ലത്തായിരുന്നു.തുടർവിദ്യാഭ്യാസം. 1948-ൽ സ്കൂളിൽനിന്ന് ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി,ബിരുദപഠനത്തിനായിച്ചേർന്നു. 1952-ൽബിരുദമെടുത്തു., 1955-ൽ ബിരുദാന്തരബിരുദംമലയാളത്തിൽ കരസ്ഥമാക്കി. ഇടതുപക്ഷവിദ്യാർത്ഥിപ്രസ്ഥാനമായഎ.ഐ.എസ്.എഫ്)ന്റെ നേതാവായിരുന്നു.സാഹിത്യരംഗത്തെ സംഭാവനകൾ പരിഗണിച്ച്, 2007-ലെഇദ്ദേഹത്തിനു 2010-ൽ ലഭിച്ചു.1998), (2011)തുടങ്ങിയ ബഹുമതികൾനൽകികേന്ദ്രസർക്കാർ ആദരിച്ചിട്ടുണ്ട്..നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻസീരിയലുകൾക്കും നൃത്തശിൽപങ്ങൾക്കുംഗാനങ്ങൾ രചിച്ചിട്ടുണ്ട്. വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന്,2016 ഫെബ്രുവരി 13-ന് തിരുവനന്തപുരത്തുവച്ച് അന്തരിച്ചു. മലയാളത്തിലെ ആധുനികകവിതയ്ക്ക ഭാവുകത്വപരമായ പൂർണ്ണത നൽകുന്നതിലും കവിതയെ സാധാരണജനങ്ങളിലെത്തിക്കുന്നതിനും മുന്നിൽനിന്നവരിൽ പ്രമുഖനായിരുന്ന ഒ.എൻ.വി. സ്വയംചൊല്ലിയവതരിപ്പിച്ച കവിതകൾ, ആസ്വാദകർ ഇരുകൈയുംനീട്ടി സ്വീകരിച്ചു.

### കവിതാസമാഹാരങ്ങൾ

പൊരുതുന്ന സൗന്ദര്യം
സമരത്തിന്റെ സന്തതികൾ
ഞാൻ നിന്നെ സ്നേഹിക്കുന്നു
മാറ്റുവിൻ
ദാഹിക്കുന്ന പാനപാത്രം
ഒരു ദേവതയും രണ്ടു ചക്രവർത്തിമാരും
ഗാനമാല
നീലക്കണ്ണുകൾ
മയിൽപ്പീലി
അക്ഷരം
ഒരുതുള്ളി വെളിച്ചം
കറുത്തപക്ഷിയുടെ പാട്ട്
കാറൽമാർക്സിന്റെ കവിതകൾ
ഞാൻ അഗ്നി
അരിവാളും രാക്കുയിലും
വെറുതെ
അപരാഹ്നം
ഭൈരവന്റെ തുടി
ശാർങ്ഗകപക്ഷികൾ
ഉജ്ജയിനി
മരുഭൂമി
നാലുമണിപ്പൂക്കൾ'
തോന്ന്യാക്ഷരങ്ങൾ
നറുമൊഴി
വളപ്പൊട്ടുകൾ
ഈ പുരാതനകിന്നരം
സ്നേഹിച്ചുതീരാത്തവർ
സ്വയംവരം
അർദ്ധവിരാമകൾ
ദിനാന്തം
സൂര്യന്റെ മരണം *



# കാത്തിരിപ്പിന്റെ വിരാമം



ഒരു ദിവസം രാവിലെ കുട്ടൻ നല്ലൊരു ദിവസം തുടക്കം ഇട്ടു കൊണ്ട് എഴുന്നേറ്റു. കുട്ടൻ വളരെ അധികം സന്തോഷത്തിലാണ് കാരണം അവന്റെ വീടിന്റെ അടുത്തുള്ള അമ്പലത്തിലെ ഉത്സവം ആണ്. ഒരു മാസം കഴിഞ്ഞാണ് ഉത്സവം എങ്കിലും അവൻ ഇപ്പോഴേ സന്തോഷത്തിലാണ്. അങ്ങനെ ആ ദിവസം വന്നെത്തി സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സമൃ ദ്ധി യുടെയും ദിവസം. അവന്റെ വീട്ടിൽ ബന്ധുക്കൾ എല്ലാവരും വന്നെത്തി. അവൻ അവർക്കു സദ്യ വിളമ്പി. അവരുടെ കൂടെ സംസാരിച്ചു നേരം വൈകുന്നേരം ആയി. ആനയും ഫ്ലോട്ടും ചെണ്ടമേളവും ഉയർന്നു. കുട്ടനും കുടുംബവും ഉത്സവം കാണാൻ ക്ഷേത്രത്തിന്റെ മുൻപിൽ എത്തി. ആദ്യം അവർ തൊഴാൻ ആയി ക്ഷേത്രത്തിൽ കയറി അന്ന് ആ ദേവിയെ കാണാൻ ഒരു പ്രത്യേക ഭംഗി ആയിരുന്നു. ആ ദേവിയുടെ മുഖത്ത് സന്തോഷവും ഗംഭീര്യവും നിറഞ്ഞിരുന്നു. ആ കണ്ണുകൾ തിളങ്ങി നിൽക്കുന്നു. ദേവിയുടെ കഴുത്തിൽ ഒട്ടേറെ ആഭരണ ങ്ങൾ ഉണ്ടായിരുന്നു. അങ്ങനെ അവർ ഉത്സവ പറമ്പിലേക്ക് ചെന്ന് ഉത്സവം കണ്ടു. പിന്നീട് അവൻ വീട്ടിൽ എത്തി. അവന്റെ ബന്ധുക്കളെല്ലാം ഉത്സവം കണ്ടു മടങ്ങി. അതിന്റെ വിഷമത്തിൽ ആയിരുന്നു കുട്ടൻ. ഇനി ഉത്സവം അടുത്ത വർഷം. ഇനിയും കിടക്കുന്നു കുറെ നാളുകൾ. പിന്നെയും അടുത്ത ഉത്സവത്തിനായി കുട്ടൻ കാത്തിരിക്കുന്നു......

**നിവേദ്യ ആർ**



7c

## * കഥ*

## *വളപ്പൊട്ടുകൾ*

മനു നേരത്തെ ഉണർന്നു. പതിവു പോലെ മുറ്റത്തേക്കും വയലിലേക്കും ഇറങ്ങിനടന്നു.. നെറ്റിയിലേക്ക് വീണ മുടി



കൈകൊണ്ട് ഇടത്തേക്ക് ഒതുക്കി... കിഴക്ക് സൂര്യൻ ഉദിച്ചു വരുന്നു.. കിളികളുടെ കലപില ശബ്ദം എങ്ങും നിറയുന്നു... പാടത്തിന്റെ അങ്ങേക്കരയിൽ ഓലമേഞ്ഞ വീട്ടിൽ നിന്നും പതിവുപോലെ പെറ്റിക്കോട്ടുമിട്ടു തുള്ളിച്ചാടി കൈവീശുന്ന മണിക്കുട്ടിയെ അന്ന് കണ്ടില്ല....നുണക്കുഴി കവിളുള്ള, കിലുക്കാംപെട്ടി പോലെ കുടുങ്ങിച്ചിരിക്കുന്ന അവൾക്ക് വേണ്ടി ഉത്സവത്തിനു പോയപ്പോൾ വാങ്ങി വെച്ചിരിക്കുന്ന കുപ്പിവളകൾ കൊടുക്കാൻ മറന്നതും അവനോർത്തു... അവന്റെ ഓർമ്മകളെ തടസ്സപ്പെടുത്തി കൊണ്ട് മനു... നീ എവിടെയാ...എന്ന വിളിയെത്തി... പാടത്തിനക്കരെ മണിക്കുട്ടിയുടെ വീടിനു മുന്നിൽ ഒരാൾക്കൂട്ടം...

എന്താണ് എന്ന് അന്വേഷിക്കണം എന്ന് തോന്നി.. മുന്നോട്ടു നടന്നു.... അമ്മയുടെ വിളി...വീണ്ടും ഉച്ചത്തിൽ ആയി.. അവൻ തിരിഞ്ഞ് വീട്ടിലേക്ക് നടന്നു... ഗേറ്റിൽ ചുരുട്ടി വച്ചിരുന്ന പത്രത്തിന്റെ താളുകളിൽ ഒന്നിൽ മിന്നിമറഞ്ഞ ഒരു മുഖം.... ആ മുഖത്തിന് മണിക്കുട്ടിയുടെ ഛായ...... കണ്ണിൽ ഇരുട്ട് കയറുന്നത് പോലെ മനുവിനെ തോന്നി...താൻ അലക്ഷ്യമായി അലമാരയിൽ വച്ച കുപ്പിവളകൾ അമ്മ എന്തോ എടുത്തപ്പോൾ വീണ് ഉടഞ്ഞതാണ്..... ടിവിയിലെ മിന്നി മറഞ്ഞ തലക്കെട്ട് അവന്റെ കണ്ണുകളെ ഈറനണിയിച്ചു.. അന്യസംസ്ഥാനക്കാരനായ പ്രതിക്ക് ഇവിടം വിടാൻകഴിഞ്ഞില്ലത്രേ... ഇപ്പോൾ ചോദ്യം ചെയ്യുകയാണ്..... ചിതറിത്തെറിച്ച വളപ്പൊട്ടുകൾക്കെല്ലാം മണിക്കുട്ടിയുടെ മുഖമായിരുന്നു...

ഓം കാശിനാഥ്.കെ. ആർ
9E



# സ്വപ്നസഞ്ചാരി



കൊഴിച്ചിട്ട കാറ്റേ നീ
അറിയുന്നുവോ ചില്ലയിൽ
നിന്നും വേർപെട്ട് പോകുന്ന
എന്റെ നൊമ്പരം വീണ്ടുമാ
ചില്ലയിൽ ഞാൻ
തളിർക്കില്ല കാറ്റേ, ഇനിയും
കാറ്റടിച്ചെന്നെ പറഞ്ഞിടല്ലേ
ഈ വേരുകളിൽ അലിഞ്ഞു ചേരട്ടെ ഞാൻ



ആദില. എൻ
9G

## 2024 അദ്ധ്യയന വർഷത്തിൽ ഈ വിദ്യാലയത്തിൻ്റെ പടികൾ ഇറങ്ങുന്നവർ

ജി എച്ച് എസ് എസ് ചവറയിലെ മൂന്ന് അദ്ധ്യാപകർ ഈ അദ്ധ്യയന വർഷം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുകയാണ്. വിദ്യാലയത്തിൻ്റെ പുസ്തകതാളുകളിൽ അവിസ്മരണീയമായ കർമപദങ്ങളുടെ സാന്നിദ്ധയംകൊണ്ട് എക്കാലവും അടയാളപ്പെടുത്തുന്ന മൂവർ __ സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകനായ ശ്രീ ഫ്രാൻസിസ് സാർ മലയാള അധ്യാപകരായ ശ്രീ ജോയി സാർ ശ്രീലത ടീച്ചർ...



സാമൂഹ്യശാസ്ത്രം ഐച്ഛിക വിഷയം ആണെങ്കിലും സാമൂഹ്യ സാംസ്കാരിക സാഹിത്യ നഭസുകളിൽ പ്രശോഭിക്കുന്ന നമ്മുടെ ഫ്രാൻസിസ് സാർ.ഈ വിദ്യാലയ തിൻ്റെ അഭിമാനം തന്നെയാണ്. നല്ല അധ്യാപകനുള്ള ദേശീയ അവാർഡ് നേടിയ പ്രതിഭാധനനായ

അദ്ദേഹം മുപ്പത് വർഷത്തെ അദ്ധ്യാപക ജീവിതം പൂർത്തിയാക്കി ഈ വിദ്യാലയത്തിൻ്റെ പടിയിറങ്ങുമ്പോൾ പോയകാലത്തെ അടയാളപ്പെടുത്താൻ ഇതുപോലുള്ളവർ ഇനിയെന്നാകും കടന്നു വരിക എന്ന ചോദ്യം എല്ലാവരുടെയും മനസ്സിൽ ബാക്കിയാണ്.



കവിതകൾ ചൊല്ലിയും കഥകൾ പറഞ്ഞും കുട്ടികളുടെ മനസ്സ് തൊട്ടറിഞ്ഞ ശ്രീ ജോയി സാർ.മലയാള വിഭാഗത്തിൻ്റെ തലതൊട്ടപ്പൻ ആയിരുന്നു എന്ന് നിസ്സംശയം പറയാം. നല്ലൊരു അദ്ധ്യാപകൻ എന്നു ഒറ്റ വാക്കിൽ പറയാവുന്ന സൗമ്യനും മാന്യനുമായ നമ്മുടെ ജോയി സാർ ഓരോ കുട്ടിയുടേയും മനസ്സിൽ കഥയുടെയും കവിതയുടെയും വർണ പ്രപഞ്ചം ആണ് സൃഷ്ടിച്ചത്. ഭാവനത്മകമയ കാല്പനികതയുടെ തലങ്ങളിലേക്ക് കുട്ടികളെ കൂട്ടി കൊണ്ടുപോകാൻ മാത്രമല്ല അക്ഷര വിരോധികളെ കൂടി അക്ഷരത്തിൻ്റെ മാധുര്യത്തില്ലേക്ക് എത്തിക്കാൻ അക്ഷീണം പ്രയത്നിച്ച് ഒരു മാതൃക അദ്ധ്യാപകൻ കൂടിയാണ്.



ശ്രീയും ലാളിത്യവും ചേർന്ന ശ്രീലത ടീച്ചർ നമ്മുടെ വിദ്യാലയത്തിലെ മലയാള വിഭാഗത്തിൻ്റെ ശ്രീത്വതിൻെറ മുഖച്ഛായ തന്നെയാണ്. എന്നും പുഞ്ചിരിയോടെയും സൗമ്യതയോടെയും നിലകൊള്ളുന്ന ടീച്ചർ എല്ലാവര്ക്കും അനുകരണീയ തന്നെയാണ്. കർമനിരതയായ ടീച്ചർ കൂടി ഈ വിദ്യാലയത്തിൻ്റെ പടി കടക്കുമ്പോൾ പരിചയ സമ്പന്നരായ മൂന്ന് അധ്യാപകരുടെ വിടവ് ഈ വിദ്യാലയത്തിന് നികത്താനാവാത്ത ഒരു നഷ്ടം കൂടിയാണ്. എങ്കിലും സമയത്തിൻ്റെ നിബന്ധനകള് ല്ലാത്ത സ്വച്ഛ സുന്ദരമായ പുതിയ ജീവിത പന്ഥാ വിലേക്കുള്ള ചുവട് മാറ്റത്തിൽ ഈ മൂന്ന് ആദരണീയരായ വ്യക്തിത്വങ്ങൾക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഈ സ്കൂളിൻ്റെ പേരിൽ എല്ലാവിധമംഗളങ്ങളും നേരുന്നു.

# പോയവർഷം











# മനുഷ്യരും പ്ലാസ്റ്റിക്കും

ഇന്നത്തെ സമൂഹത്തിൽ ഏറെ ഉപയോഗിക്കപെടുന്ന ഒരു വസ്തുവാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക് മൂലമുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണെന്നു അറിഞ്ഞിട്ടും മനുഷ്യർ അത് ഉപയോഗിക്കുന്നു. ഇന്നത്തെ പരിസ്ഥിതിക്കു ഏറെ ദൂഷ്യമാണ് പ്ലാസ്റ്റിക് എന്ന് അറിഞ്ഞിട്ടും തന്റെ സുഖജീവിതത്തിനായി മനുഷ്യൻ അത് ഉപയോഗിക്കുന്നു. ഉപയോഗിക്കുന്നത് പോട്ടെ അവൻ അത് വലിച്ചു എറിയുകയും ചെയ്യുന്നു. പ്ലാസ്റ്റിക് മനുഷ്യന് മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അത് ഉള്ളിൽ ചെന്നാൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകും. അത് പുറത്ത് എറിഞ്ഞാൽ മണ്ണിൽ മണ്ണിൽ ലയിച്ചു ചേരുകയും ഇല്ല. ഇനി അത് കത്തി ച്ചാൽ അതിന്റെ പുക വായുവിൽ ചേരുകയും
വായുമലിനികരണംഉണ്ടാകുകയും ചെയ്യുന്നു.



പൊതുവെ പറഞ്ഞാൽ പ്ലാസ്റ്റിക് ഒരു ദൂഷ്യ വസ്തുവാണ്. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക അത് വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറച്ചാൽ പരിസ്ഥിതി യെ രക്ഷിക്കാൻ കഴിയും. പരിസ്ഥിതി സംരക്ഷണ ത്തിലൂടെ മനുഷ്യനും രക്ഷപെടും...

നിരഞ്ജന

7C





# *RAINBOW*

*Upon the canvas of the sky, a bow of light appears,*

*With hues that dance and intertwine, dispelling any fears.*

*Red like fire, orange bright, yellow's cheerful gleam,*

*Green of life, blue serene, indigo like a dream.*

*Violet whispers secrets as the rainbow gently glows,*

*A bridge of wonder, hope, and joy, wherever it may pose.*

*A symphony of colors, in harmony they sway,*

*The magic of the rainbow, brightening up our day.*

M.G.BHAVANI

*5B*



# ഓർമയുടെ നാളുകൾ

അറിയാത്ത വഴികളിൽ

പടരുന്ന ഓർമ്മകൾ.....

ജീവനുള്ള സത്യങ്ങൾ പോൽ

എന്തിനോ അലയുന്നു

ജനിക്കാത്ത ഓർമ്മകൾ

ഇന്നെന്റെ ഓർമ്മകൾ

മഞ്ഞിലൊരു ചുടുകാറ്റായ്

നിനവിന്റെ കവചമാം ശിലകളെ

ഊതി ഉരുക്കി കന്മദമാക്കി

പറയാത്ത കനവുകളിൽ

അറിയാത്ത മനസിന്റെ

എരിയുന്ന കനലിന് സമമായി ഞാനും......



ഹാജിറ എസ്
9G

# പ്രണാമം



കേവലം മൂന്നക്ഷരം വരക്കും
പ്രതിരൂപമല്ല ഓ എൻ വി
ഒരു നവ്യ വിദ്യുത് പ്രകാശം
ജ്വലിക്കും കാവ്യസൂര്യനല്ലൊ.
തിരുമുമ്പിലിരിക്കും ശിഷ്യൻ്റെ
മനസ്സാം മണ്ണിൽ പാകിയ
അക്ഷരമുത്തുകൾ വിത്തുകൾ
വർണസൗഗന്ധികപ്പൂക്കളായ്
വിരിയിച്ചയക്ഷര മാന്ത്രികൻ.
വിയർപ്പു മുത്തുകൾ കോർത്തു
കാവ്യാക്ഷരങ്ങളാൽ നിറച്ച
സമദർശന മാനവഗീതികൾ
അദ്ധ്വാനത്തിൻ്റെ പടപാട്ടുകൾ.
സഞ്ചരിച്ച മണിക്യവീണയുമായ്
സ്നേഹതീരങ്ങൾ തേടിയെന്നും.
മഥിക്കും ഹൃദയം പങ്കുവച്ച
അപരാഹനത്തിൽ ഭയാശ --
ങ്കകളുമാത്മ നൊമ്പരങ്ങളും.
ഉപ്പായിട്ടുമീ ജീവൻ്റെ ഭൂമി
ഒരു ചരമഗീതമെഴുതുമോ

ജ്ഞാനപീഠത്തിലിരുന്നോ--
ടക്കുഴൽമീട്ടിയ ഗീതികൾ
'വാക്കായ് വരികളായ് വർണ
യാടകൾ ചാർത്തി ഭാസുര
മാനവ ജീവിതഗന്ധം പടർത്തി
ജ്വലിക്കുമെന്നും ഞങ്ങളിൽ,
പ്രിയ ഗുരുനാഥ... പ്രണാമം.

# മാറിയ കാഴ്ചകൾ

45 വർഷത്തെ ഓർമ്മകൾ ഇവിടെ അവസാനിക്കുന്നു..
നമ്മൾ അധ്യാപകരും കുട്ടികളും മാറിമാറി പോകും
പക്ഷേ കാലങ്ങളായി സ്കൂളിനെ മുഖാമുഖം കണ്ടിരുന്നവർ.......
ഇവരുടെ കൈകളിൽ നിന്നും മധുര പലഹാരങ്ങൾ, മിഠായികൾ, ചായയും കേക്കും, പൊറോട്ടയും ബീഫും പൊറോട്ടയും ഉള്ളി ചാറും, കഴിക്കാത്തവരായി ഈ പ്രദേശത്തെ ആരും ഉണ്ടാകില്ല പ്രത്യേകിച്ച് ശങ്കരമംഗലം ഇരു സ്കൂളിലെയും, കോടതി, മിനി സിവിൽ സ്റ്റേഷനിലെ ജീവനക്കാർ, ചവറ പോലീസ് സ്റ്റേഷൻ, കാട്ടിൽ അമ്പലത്തിൽ പോകുന്നവർ, കോവിൽ തോട്ടം പള്ളിയിൽ പോകുന്നവർ, മിന്നാം തോട്ടിൽ അമ്പലത്തിൽ പോകുന്നവർ, കാമംകുളങ്ങര അമ്പലത്തിൽ വരുന്നവർ,
എല്ലാവർക്കും ഇതെല്ലാം ഇനി ഒരു മധുര ഓർമ്മകൾ മാത്രം....












## വേരുകൾ

-------------

ചൂടാതെ പോയ് നീ, നിനക്കായ് ഞാൻ

ചോര- ചാറിച്ചുവപ്പിച്ചൊരെൻ

പനീർപ്പൂവുകൾ കാണാതെ പോയ് നീ,

നിനക്കായി ഞാനെന്റെ പ്രാണന്റെ

പിന്നിൽക്കുറിച്ചിട്ട വാക്കുകൾ

ഒന്നുതൊടാതെ പോയി വിരൽത്തുമ്പിനാൽ

ഇന്നും നിനക്കായുടിക്കുമെൻ തന്ത്രികൾ

അന്ധമാം സംവത്സരങ്ങൾക്കുമക്കരെ

അന്തമെഴാത്തതാമോർമ്മകൾക്കക്കരെ

കുങ്കുമം തൊട്ടു വരുന്ന ശരൽക്കാല സന്ധ്യയാണിന്നുമെനിക്കു നീയോമനേ..

ദുഃഖമാണെങ്കിലും നിന്നെക്കുറിച്ചുള്ള ദുഃഖമെന്താനന്ദമാണെനിക്കോമനേ...

എന്നെന്നുമെൻ പാനപാത്രം നിറയ്ക്കട്ടെ, നിന്നസാന്നിദ്ധ്യം പകരുന്ന വേദന..

അജയഘോഷ്

9G

# എന്റെ ചിത്രങ്ങൾ









# ജീവന്റെ തുടിപ്പ്



മഴ തുള്ളിയായി വന്നിറങ്ങുന്നു
ഞാനിതാ
ഓരോ ജീവന്റെ യും ദാഹമാകാറ്റുവാൻ

പുഴയും കടലും നദിയുമെല്ലാം
കാത്തിരിപ്പായി
എനിക്കിതാ
എന്നാൽ എന്തേ മനുഷ്യരെ
നിങ്ങൾ എന്നെ
മലിനമാക്കീടുന്നുവോ
നിങ്ങളെ
പാഠം പഠിപ്പിക്കുവാൻ പ്രളയമാം
രീതിയിൽ വന്നിടുന്നു

ദാനമാണ് ഓരോ തുള്ളിയും

സംരക്ഷിക്കു വരും
തലമുറക്കായി

ഫായിസബീഗം
9B



# വിവരസാങ്കേതികവിദ്യ.

അറിവ് നേടാനുള്ള ആഗ്രഹം മനുഷനെ മറ്റു ജീവജാലങ്ങളിൽനിന്ന് വ്യത്യസ്തനാക്കുനന്ന

പ്രധാന ഘടകങ്ങളിലൊന്നാണ്.നമ്മുടെ വിദ്യാലയങ്ങളും കലാലയങ്ങളുമെല്ലാം ഒരുതരത്തിലല്ലെ ൽ മറ്റൊരുതരത്തിലുള്ള അറിവ് സമ്പാദിക്കാനുള്ള ഇടങ്ങളാണ്.ആകാശത്തിന്റെ വ്യതിയാനം,ദിനരാത്രങ്ങളുടെ ദൈർഘ്യം,കടലിന്റെ ആഴം, ശൂന്യാകാശത്തിന്റെ വിസ്മയങ്ങൾ എന്നിങ്ങനെ മനുഷ്യന് അറിയേണ്ടാത്തതായി ഒന്നുമില്ല.ഏതുവിധേനയും വിവരങ്ങൾ ശേഖരിക്കുവാനും അവ വിശകലനം ചെയ്ത് പുതിയ വിവരങ്ങൾ രൂപീകരിക്കാനുമുള്ള സഹജമായ വാസന മനുഷ്യനിലുണ്ട്.അതിന് അവനെ സഹായിക്കുന്ന സാതിക വിദ്യയാണ് വിവരസാകേതിക വിദ്യ.ഇതിൽ കലയും സയൻസും സാമൂഹികശാസ്ത്രവുമെല്ലാം ഒത്തുചേരുന്നു.



ഐ.ടി.വിപ്ലവത്തിന്റെഒരു കാലഘട്ടത്തിലൂടെയാണ്നാമിന്ന് കടന്നുപോയിക്കൊണ്ടിരിക്കുന്നത്.വിവരസാ തികവിദ്യയുടെ കുതിപ്പിൽ ലോകമിന്ന് കൈവെള്ളയിൽ ഒതുങ്ങുന്ന ഒരു കൊച്ചുഗ്രാമമായി മാറിയിരിക്കുന്നു.മാധ്യമങ്ങളുടെ അതിപ്രസരമാണ് നമുക്ക്ചുറ്റുമുള്ളത് റേഡിയോ,ടെലിവിഷൻ,ടെലിഫോൺ,കമ്പ്യൂട്ടർ,മൊബൈൽ,ഇന്റർനെറ്റ് എന്നിങ്ങനെ മാധ്യമങ്ങളുടെ ഒരു നീണ്ടനിരതന്നെ വിവരശേഖരണത്തിനായി നമുക്കു മുൻപിലുണ്ട്.ഇതിന്റെ അനന്തസാദ്യതകൾ പ്രയോജനപെടുത്തുന്നവയാണ് വികസിതരാജ്യങ്ങൾ. അല്പം വൈകിയാണെ ലും നമ്മുടെ ഭാരതവും ഇന്നീ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നു എന്നത് ആശാവഹമാണ്. എ ലും ഇനിയും ഈ മേഖലകളിൽ നാം കൂടുതൽ മുൻപോട്ട് പോകേണ്ടിയിരിക്കുന്നു.



ഗുണത്തോടൊപ്പം ദോഷവും ഈ മേഖലയിൽ ഉണ്ടെന്ന് നാം വിസ്മരിച്ചുകൂടാ.സ്വാർഥതയും ലാഭേച്ചയും വ്യവസായക്കണ്ണുമെല്ലാം ഈ മേഖലയെ ചൂഷണം ചെയ്യുന്നുണ്ടെന്നതിൽ തർക്കമില്ല.ധാർമികതയും സാംസ്കാരികബോധവും കൊണ്ട് ഈ കോട്ടങ്ങളെ മറികടന്ന് നമുക്കും വിവരസാ തികവിദ്യയുടെ നേട്ടങ്ങൾ കൊയ്യാം.ഇവയെല്ലാം സമ്മേളിക്കുന്ന വിദ്യയുടെ സഹായത്തോടെ വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നതെങ്ങനെയെന്ന് നമുക്ക് കാണാം.